"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ്-മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി-തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയിലിരിക്കെ നടത്തിയ രക്തപ്പകർച്ചയിലൂടെ എച്ച്.ഐ.വി. ബാധിച്ചതായി ആരോപിക്കപ്പെട്ടുകയും തുടർന്ന് മരണമടയുകയും ചെയ്ത കുട്ടിയുടെ പിതാവ് ശ്രീ.ഷിജി.സി.യ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 ലക്ഷം രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡി.ആർ.എഫ്.-സി) വകുപ്പ്**

സ.ഉ.(സാധാ) നം.1418/2025/RD തീയതി,തിരുവനന്തപുരം, 13-06-2025

---

പരാമർശം:- സ.ഉ.(കൈ)നം.142/2025/H&FWD തിയ്യതി 12.05.2025.

**ഉത്തരവ്**

തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയിലിരിക്കെ നടത്തിയ രക്തപ്പകർച്ചയിലൂടെ എച്ച്.ഐ.വി. ബാധിച്ചതായി ആരോപിക്കപ്പെട്ടുകയും തുടർന്ന് മരണമടയുകയും ചെയ്ത കുട്ടിയുടെ പിതാവായ ആലപ്പുഴ, ഹരിപ്പാട്, കാർത്തികപ്പള്ളി തെക്കേതിൽ, എരുമപ്പുറത്ത് ശ്രീ.ഷിജി.സിയ്ക്ക് മാനുഷിക പരിഗണനയിൽ ഇതൊരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ടും ടിയാൻ ഫയൽ ചെയ്ത W.P.(C)No.30664/2017-മേൽ ബഹു. ഹൈക്കോടതി 11.03.2025-ൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിലെ നിർദ്ദേശം മാനിച്ചുകൊണ്ടും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഉചിതമായ ധനസഹായം അനുവദിക്കുവാൻ പരാമർശം പ്രകാരം ഉത്തരവായിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തിരുവനന്തപുരം റീജിയണൽ ക്യാൻസർ സെന്ററിൽ ചികിത്സയിലിരിക്കെ നടത്തിയ രക്തപ്പകർച്ചയിലൂടെ എച്ച്.ഐ.വി. ബാധിച്ചതായി ആരോപിക്കപ്പെട്ടുകയും തുടർന്ന് മരണമടയുകയും ചെയ്ത കുട്ടിയുടെ പിതാവായ ആലപ്പുഴ,ഹരിപ്പാട്,കാർത്തികപ്പള്ളി തെക്കേതിൽ,എരുമപ്പുറത്ത് ശ്രീ.ഷിജി.സിയ്ക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 2 **ലക്ഷം (രണ്ട് ലക്ഷം രൂപ മാത്രം) രൂപ** അനുവദിച്ച് ഉത്തരവാകുന്നു.

3.വിതരണത്തിനാവശ്യമായി വരുന്ന തുകയായ 2 **ലക്ഷം (രണ്ട് ലക്ഷം രൂപ മാത്രം) രൂപ** മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും ആലപ്പുഴ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും സ്വീകരിച്ച നടപടി സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജയശ്രീ പി എൻ
ഡെപ്യൂട്ടി സെക്രട്ടറി

ജില്ലാ കളക്ടർ, ആലപ്പുഴ.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ആലപ്പുഴ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖേന)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്.
ആരോഗ്യ കുടുംബ ക്ഷേമ (എഫ്.ഡബ്ലിയു) വകുപ്പ്.

വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Apsara T T
Date: 13-06-2025 16:44:01
സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ്  സെക്രട്ടറിയുടെ സി.എ.യ്ക്ക്.
റവന്യൂ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്.
റവന്യൂ(ഡി.ആർ.എഫ്. എ, ബി) വകുപ്പുകൾക്ക്.